(ഡി) ഒരു ആനക്കുട്ടിയെ 1,172 രൂപയ്ക്കു വിറ്റിട്ടുണ്ട്.

(ഇ) ഇത്തരം ശേഖരിച്ചു വരുന്നതേയുള്ളു.

ശ്രീ. ഇ. പി. ഇയ്യപ്പൻ : ആനയെ വില്ക്കുന്നതിൽനിന്നു മാത്രമേ വരവുള്ളൂ ? ആനക്കൊമ്പിൽ നിന്നു വരവില്ലേ ?

(ഉത്തരമില്ല)

ശ്രീ. കെ. കെ. വിശ്വനാഥൻ : ആനയെ പിടിക്കുന്നതു് പിടിയാനയാണോ ?

ശ്രീ. കെ. സി. ജോർജ്ജു് : പിടിയാനയല്ല. പാപ്പാനെ എന്നാണു് ഉദ്ദേശിച്ചിരിക്കുന്നതു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : പിടിയാന എന്നു പറയുന്നതു് പെണ്ണാനയെ അല്ലേ ?

(ഉത്തരം ഇല്ല.)

ശ്രീ എ. എം. കല്യാണകൃഷ്ണൻ നായർ : നമ്മുടെ സംസ്ഥാനത്തു് ഒളിച്ചു് ഓടിനടക്കുന്ന ചില കൊമ്പനാനകളെ പിടിക്കുവാൻ പിടിയാനകളെ ഏർപ്പാടു ചെയ്യാമോ ?

(ഉത്തരമില്ല)

ചക്കരനിർമ്മാണ സഹകരണസംഘം രൂപീകരിക്കുന്നതിനുള്ള അനുമതി.

* 1401. [30] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) മലബാറിൽ ചക്കരനിർമ്മാണ സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിനു പോലീസ് ഡിപ്പാർട്ടുമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതി ലഭിക്കണമെന്ന നിബന്ധന ഗവണ്മെന്റു് നീക്കം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കോഴിക്കോടു് ജില്ലയിൽ ഈ വിവരം ലഭിക്കാതിരുന്നതു എന്തുകൊണ്ടാണു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നാവിക തൊഴിലാളികൾ.

* 1402. [31] ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ലേബർവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നാവിക തൊഴിലാളികളുടെ അവശതാപരിഹാരാർത്ഥം ഗവണ്മെന്റിൽനിന്നു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു് ;

(സി) അതിന്റെ ഫലം എന്തായി ?

LIBRARY ARCHIVES Kerala Legislative Assembly